# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.320 28.05.2019 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) & ബി) | നിലവിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ന്റെ 1807-ഉം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ 1812-ഉം തസ്തികകളാണ് ഉള്ളത്. ഇവയുടെ ജില്ലതിരിച്ചുള്ള കണക്കും ഒഴിവുകൾ സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനതല പ്രമോഷൻ തസ്തികയായ ജെ.എച്ച്.ഐ. ഗ്രേഡ്-I ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും അവ എവിടെയെല്ലാമാണുള്ളതെന്നും ജില്ല തിരിച്ച് അറിയിക്കാമോ; | | |
| (സി) | ജെ.എച്ച്.ഐ. ഗ്രേഡ്-2 ൽ നിന്ന് ഗ്രേഡ്-1 ലേക്ക് അവസാനമായി സ്ഥാനക്കയറ്റം നൽകിയത് എപ്പോഴാണ്; | (സി) | 21.01.2019 തീയതിയിലെ ഇ.ജി2-40/2016/ആ.വ.ഡ ഉത്തരവ് പ്രകാരമാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ൽ നിന്നും ഗ്രേഡ് I ലേക്ക് അവസാനമായി സ്ഥാനക്കയറ്റം നൽകിയത്. |
| (ഡി) | ജെ.എച്ച്.ഐ. ഗ്രേഡ്-2 ൽ നിന്ന് ഗ്രേഡ്-1 ലേക്ക് സ്ഥാനക്കയറ്റം നടന്നാൽ എത്ര ഗ്രേഡ്-2 ഒഴിവുകൾ സൃഷ്ടിക്കപ്പെടുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി), (ഇ) & (എഫ്) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്നും ഒഴിവുള്ള ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ എത്ര ഒഴിവുകൾ ഗ്രേഡ് II തസ്തികയിൽ വിവിധ ജില്ലകളിൽ സൃഷ്ടിക്കപ്പെടുമെന്ന് അറിയാൻ കഴിയൂ. |
| ഇ) | ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| (എഫ്) | ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | | |
| ജി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ബൈട്രാൻസ്ഫർ നിയമനങ്ങൾ, അനുവദിച്ചതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയത്; അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ? | ജി) | തിരുവനന്തപുരം ജില്ലയിൽ ബൈട്രാൻസ്ഫർ ജീവനക്കാരുടെ എണ്ണം അനുവദനീയമായതിലും കൂടുതലാണെന്ന് കണ്ടെത്തിയതിനെ തുടർന്ന്, അനുവദനീയമായ അനുപാതം ക്രമപ്പെടുത്തുന്നതുവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ ബൈട്രാൻസ്ഫർ നിയമനം നടത്താൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | നിലവിലുള്ള തസ്തികകൾ | | നിലവിലുള്ള ഒഴിവുകൾ | |
|---|---|---|---|---|---|
| | | ജെ.എച്ച്.ഐ ഗ്രേഡ് I | ജെ.എച്ച്.ഐ ഗ്രേഡ് II | ജെ.എച്ച്.ഐ ഗ്രേഡ് I | ജെ.എച്ച്.ഐ ഗ്രേഡ് II |
| 1 | തിരുവനന്തപുരം | 156 | 156 | 8 | 2 |
| 2 | കൊല്ലം | 146 | 146 | 2 | 1 |
| 3 | പത്തനംതിട്ട | 93 | 94 | 2 | 4 |
| 4 | ആലപ്പുഴ | 116 | 115 | 6 | 3 |
| 5 | കോട്ടയം | 115 | 115 | 9 | 0 |
| 6 | ഇടുക്കി | 117 | 117 | 21 | 6 |
| 7 | എറണാകുളം | 135 | 135 | 2 | 9 |
| 8 | തൃശ്ശൂർ | 169 | 169 | 13 | 17 |
| 9 | പാലക്കാട് | 151 | 152 | 14 | 5 |
| 10 | മലപ്പുറം | 170 | 170 | 4 | 19 |
| 11 | കോഴിക്കോട് | 138 | 139 | 4 | 7 |
| 12 | വയനാട് | 65 | 66 | 18 | 8 |
| 13 | കണ്ണൂർ | 150 | 151 | 5 | 7 |
| 14 | കാസർഗോഡ് | 86 | 87 | 15 | 8 |
| | ആകെ | 1807 | 1812 | 123 | 96 |

Milan

സെക്ഷൻ ഓഫീസർ